भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

BW 052588

2019 രണ്ടായിരത്തി പത്തൊമ്പത് ആണ്ട് ജനുവരി മാസം 29 ഇരുപത്തൊമ്പത് നുക്ക് 1194 മകരം 15 പതിനഞ്ചാം തിയ്യതി

സുൽത്താൻ ബത്തേരി താലൂക്ക് സുൽത്താൻ ബത്തേരി അംശം ദേശത്ത് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിൽ ഫെയർലാന്റ് കോളനിയിൽ താമസിക്കും പി. ഒ. സുൽത്താൻ ബത്തേരി, പിൻ 673 592 രാജൻ എം. എം. എന്നവരുടെ മകൻ ബിസിനസ് 36 വയസ് ( ആധാർ കാർഡ് നമ്പർ 6620 9717 5032 ) **മരുതോലിൽ രഞ്ജിത്ത് എം. ആർ** ഇതിലെ 1ാം കക്ഷിയായും

1 RANJITH M R

2 ABDUL MANAF V A

2195/ Value ₹: 100

28.01.19

...d to: മരുതോലിൽ രഞ്ജിത്ത് എം. ആർ, ബത്തേരി

P. HUS... Stamp Vendor

SUB TREASURY BATHERY
21 JAN 2019

भारतीय गैर न्यायिक

एक सौ रुपये **Rs. 100**

ONE HUNDRED RUPEES

रु. 100

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA BW 05258

2.

സുൽത്താൻ ബത്തേരി താലൂക്ക് സുൽത്താൻ ബത്തേരി അംശം ദേശത്ത് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിൽ ദൊട്ടപ്പൻകുളം താമസിക്കും പി. ഒ. ബീനാച്ചി പിൻ 673 592 അബ്ദുൾ റഹിമാൻ എന്നവരുടെ മകൻ ബിസിനസ് 49 വയസ് ( ഡ്രൈവിംഗ് ലൈസൻസ് നമ്പർ 12/170/1988 ) **ജമീല മൻസിൽ അബ്ദുൾ മനാഫ്** ഇതിലെ 2ാം കക്ഷിയായും ഒത്തെഴുതിയ വാടക കരാർ.

1. RANJITH.M.R [signature]

2. ABDUL MANAF U.A [signature]

No: 21952 Value ₹: 100 രൂ

Date: 28.01.19

Issued to: [handwritten] ബത്തേരി

M.P. HUSSAIN, Stamp Vendor
Sulthan Bathery

SUB TREASURY BATHERY
21 JAN 2019

ഇതിലെ 2ാം കക്ഷിക്ക് അവകാശപ്പെട്ടതും 2ാം കക്ഷിയുടെയും മറ്റും സ്വന്തവും സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിൽ ദൊട്ടപ്പംകുളം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നതുമായ കെട്ടിട എടുപ്പിലെ ഫസ്റ്റ് ഫ്ലോറിലെ **SBM 19 / 23 - C9 ( Old No SBM 12 / 210 – J 11 )** നമ്പ്രായുള്ള മുറി **"Global Safari Holidays "** എന്ന സ്ഥാപനം നടത്തുന്നതിന് വേണ്ടി ഇതിലെ 1 ാം കക്ഷി വാടക കരാറ് പ്രകാരം ഏറ്റെടുത്തിട്ടുള്ളതും മേൽ നമ്പ്ര മുറി ഇതിലെ 2ാം കക്ഷി ഇതിലെ 1ാം കക്ഷിക്ക് വരുന്ന **01. 02. 2019 ാം** തിയ്യതി മുതൽ വരുന്ന **11 പതിനൊന്ന്** മാസകാലത്തേക്ക് താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരം 1 ാം കക്ഷി വാടകക്ക് ഏറ്റെടുത്തിട്ടുള്ളതുമാകുന്നു.

വ്യവസ്ഥകൾ : -

1. ഈ വാടക കരാറിന്റെ കാലാവധി **01. 02. 2019 ാം** തിയ്യതി മുതൽ 11 പതിനൊന്ന് മാസകാലത്തേക്കായിരിക്കുന്നതും, മേൽ കാലാവധി തീരുന്ന മുറയ്ക്ക് ഇതിലെ 1ാം കക്ഷി മേൽ നമ്പ്ര മുറി കുടിയാന്മ ഒഴിവായി ഇതിലെ 2 ാം കക്ഷിയെ തിരിച്ച് ഏൽപ്പിക്കേണ്ടതുമാണ്.

2. ഇതിലെ 1ാം കക്ഷിക്ക് തുടർന്നും മേൽ നമ്പ്ര മുറി ആവശ്യമായി വരുന്ന പക്ഷം അപ്പോൾ ഇരു കക്ഷികളും ചേർന്ന് പുതുക്കി നിശ്ചയിക്കുന്ന വ്യവസ്ഥകൾ പ്രകാരം പുതിയ കരാറിൽ ഏർപ്പെടാവുന്നതുമാണ്.

3. മേൽ നമ്പ്ര മുറി വാടകയായി പ്രതിമാസം **6,500 ആറായിരത്തി അഞ്ഞൂറ്** ഉറുപ്പിക നിശ്ചയിച്ചിട്ടുള്ളതും ആയത് 1ാം കക്ഷി 2 ാം കക്ഷിക്ക് വാടക നൽകി രശീതി വാങ്ങിക്കേണ്ടതുമാണ്.

4. ഇതിലെ 1 ാം കക്ഷി വാടക കുടിശ്ശിക വരുത്തിയാലോ, 2ാം കക്ഷിക്ക് മേൽ നമ്പ്ര മുറി സ്വന്താവശ്യത്തിന് വേണ്ടി വന്നാലോ കാലാവധി കണക്കാക്കാതെ 1 ാം കക്ഷിയെ ഒഴിപ്പിക്കാവുന്നതും 1 ാം കക്ഷി യാതൊരു തടസ്സവും പറയാതെ മേൽ നമ്പ്ര മുറി കുടിയായ്മ ഒഴിവാക്കേണ്ടതുമാണ്.

1. RANJITH MR

2. ABDUL MANAF U.A

5. മുറിയുടെ ഘടനയിൽ 1ാം കക്ഷി യാതൊരു വ്യത്യാസവും വരുത്തുവാൻ പാടില്ലാത്തതുമാണ്.

6. മേൽ നമ്പ്ര മുറി 1ാം കക്ഷി മേൽ വാടകക്ക് നൽകുകയോ അന്യകൈമാറ്റം ചെയ്യുകയോ, ചെയ്യാൻ പാടില്ല

7. എടുപ്പിന് ഹാനികരമാകുന്ന രാസവസ്തുക്കളോ, സ്ഫോടക വസ്തുക്കളോ, നിയമംമൂലം നിരോധിച്ച മറ്റെന്തെങ്കിലും വസ്തുക്കളോ, 1ാം കക്ഷി മേൽ നമ്പ്ര മുറിയിൽ സൂക്ഷിക്കുവാൻ പാടില്ലാത്തതും, വഴി തടസ്സം, പരിസര മലിനീകരണം, തുടങ്ങിയവ ഉണ്ടാക്കാൻ പാടില്ലാത്തതുമാണ്.

8. നിയമ പ്രകാരമുള്ള ലൈസൻസ്, പെർമിറ്റ്, മുതലായവ വാങ്ങി മാത്രമേ 1ാം കക്ഷി മേൽ നമ്പ്ര മുറിയിൽ ബിസിനസ്സ് നടത്താൻ പാടുള്ളു.

9. ഇതിലെ 1ാം പാർട്ടി മേൽ നമ്പർ മുറിയിൽ ഉപയോഗിക്കുന്ന വൈദ്യുതി ചാർജ് 1ാം പാർട്ടി തന്നെ അടച്ച് രശീതി വാങ്ങി 2ാം പാർട്ടിയെ ബോദ്ധ്യപ്പെടുത്തി കൊടുക്കേണ്ടതുമാണ്.

10. ഈ വാടക ശീട്ടിന്റെ കാലാവധിക്ക് ശേഷം 2ാം കക്ഷി 1ാം കക്ഷിക്ക് മേൽ നമ്പ്ര് മുറി തുടർന്ന് മേൽ ബിസിനസ് ചെയ്യുന്നതിന് വേണ്ടി നൽകുകയാണെങ്കിൽ ഒരു വർഷത്തിന് ശേഷം നിലവിലുള്ള വാടകയുടെ **ഏഴ് ശതമാനം** വാടക വർദ്ധിപ്പിച്ച് 1ാം കക്ഷി ഈ വാടകശീട്ട് പുതുക്കി നിന്നു കൊള്ളേണ്ടതുമാണ്.

11. ഈ വാടക ശീട്ടിന്റെ കാലാവധിക്ക് മുമ്പായി 2ാം കക്ഷി മേൽ നമ്പ്ര് മുറി സ്വന്താവശ്യമായി വന്നാൽ ആയത് രണ്ട് മാസം മുമ്പ് 1ാം കക്ഷിയെ വിവരം അറിയിക്കേണ്ടതും 1ാം കക്ഷി യാതൊരു നിയമ തർക്കങ്ങളും കൂടാതെ 2ാം കക്ഷിക്ക് മേൽ നമ്പ്ര് മുറി ഒഴിഞ്ഞ് കൊടു ക്കേണ്ടതുമാകുന്നു.

1. RANJITH.M.R

2. ABDUL MANAF.U.A

12. മേൽ നമ്പർ മുറിയുടെ വാടകയുടെയും മറ്റും ഉറപ്പിലേക്കായി **2,50,000 രണ്ട് ലക്ഷത്തി അമ്പതിനായിരം** ഉറുപ്പിക 1ാം കക്ഷി 2ാം കക്ഷിക്ക് നൽകുവാൻ തിരുമാനിച്ചിരിക്കുന്നു. ആയതിൽ ഇന്ന് അഡ്വാൻസായി **1,25,000 ഒരു ലക്ഷത്തി ഇരുപത്തയ്യായിരം** ഉറുപ്പിക 1ാം കക്ഷി 2ാം കക്ഷിക്ക് നൽകിയിരിക്കുന്നു. കഴിച്ചു ബാക്കി സംഖ്യക **1,25,000 ഒരു ലക്ഷത്തി ഇരുപത്തയ്യായിരം** ഉറുപ്പിക വരുന്ന **30. 04. 2019 ാം** തിയ്യതി ക്ക് 1ാം കക്ഷി 2ാം കക്ഷിക്ക് നൽകേണ്ടതുമാണ്. ആയത് ലഭിക്കുന്ന തിലേക്ക് വേണ്ടി സുൽത്താൻ ബത്തേരി വിജയ ബേങ്കിൽ നിന്നും മാറാവുന്ന **836367 ാം നമ്പ്ര് ചെക്ക് 1ാം കക്ഷിക്ക് 2ാം കക്ഷിക്ക് നൽകിയിരിക്കുന്നു.** ആയത് മേൽ നമ്പ്ര് മുറി 1ാം കക്ഷി 2ാം കക്ഷിക്ക് യാതൊരുവിധ വാടക കുടിശികളോ മറ്റ് ബാദ്ധ്യതകളോ യാതൊരു വിധ നാശനഷ്ടങ്ങളോ ഇല്ലാതെ ഒഴിഞ്ഞു കൊടുക്കുമ്പോൾ മേൽ അഡ്വാൻസ് സംഖ്യയായ **2,50,000** ഉറുപ്പിക യാതൊരു വിധ പലിശയുമില്ലാതെ 2ാം കക്ഷി 1ാം കക്ഷിക്ക് തിരികെ നൽകേണ്ടതുമാണ്.

മേൽ നിശ്ചയങ്ങൾ പൂർണ്ണമായി അംഗീകരിച്ചും 2ാം പാർട്ടി യാതൊന്നും എതിരായി പ്രവർത്തിക്കുന്നതല്ലെന്നും പ്രത്യേകം നിശ്ചയിച്ചും സമ്മതിച്ചും താഴെ പേരെഴുതി ഒപ്പിടുന്ന സാക്ഷികൾ മുമ്പാകെ നമ്മൾ ഇതിൽ ഒപ്പിടുകയും ചെയ്യ്തിരിക്കുന്നു.

1. RANJITH M.R [signature]
2. ABDUL MANAF. U.A [signature]

**സാക്ഷികൾ**

1. Sabu. K.P [signature]

2. Muhammed Hashir. K.H [signature]

1. RANJITH M.R [signature]
2. ABDUL MANAF. U.A [signature]